**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 554** **12.06.2012-ൽ മറുപടിയ്ക്ക്**

**പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ** | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി)** |
| (എ) പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഒരു വർഷമായി മുടങ്ങിക്കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇൻഡോർ സ്റ്റേഡിയനിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; (സി) സ്റ്റേഡിയം നിർമ്മാണപ്രവർത്തനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; (ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ? | (ബി), (സി) & (ഡി) ഇതിന്റെ നിർമ്മാണം ജില്ലാ കളക്ടർ ചെയർമാനായ പാലക്കാട് ഇൻഡോർ സ്റ്റേഡിയം സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്. 13.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഇതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യഗഡുവായി 50 ലക്ഷം രൂപ കൗൺസിൽ നൽകിയിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ 5 നിലകളുള്ള സ്ട്രക്ചറിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. ഇതിനായി ഇതുവരെ ഏകദേശം 7.5 കോടി രൂപ ചെലവായിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ നിർമ്മിതിയ്ക്ക് തല്ക്കാലം പണം അനുവദിയ്ക്കാൻ നിവൃത്തിയില്ല. |

സെക്ഷൻ ഓഫീസർ